LIBRARY ARCHIVES Kerala Legislative Assembly

സ്പീഡ് ഗവേണറിന്റെ പ്രവർത്തനക്ഷമത

21 (*231) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് ഗവേണർ സ്ഥാപിച്ചതിനുശേഷം സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം വാഹനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിക്ക സ്പീഡ് ഗവേണറും പ്രവർത്തനരഹിതമാണെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അമിതവേഗംമൂലമുള്ള വാഹനാപകടം ഒഴിവാക്കാൻ വാഹനങ്ങളിലെ സ്പീഡ് ഗവേണറിന്റെ പ്രവർത്തനക്ഷമതയും ഉപയോഗവും കർശന പരിശോധനക്കു വിധേയമാക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടാകുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണം അമിതവേഗതയാണ്. എന്നാൽ, വാഹനങ്ങളിൽ സ്പീഡ് ഗവേണർ നിർബന്ധമാക്കിയതിനുശേഷം ഇതിൽ കുറവു വന്നിട്ടുണ്ട്.

(ബി) ചില വാഹനങ്ങളിൽ ഇവ പ്രവർത്തനരഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ കർശനമായ പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കർശന പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം

22 (*232) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാവർക്കും സ്പോർട്ട്സ്, എല്ലാവർക്കും ആരോഗ്യം, എന്ന പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) മുതിർന്നവർക്കായി കായികക്ഷമതാ ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) മുതിർന്ന വ്യക്തികളുടെ കായികക്ഷമത തിട്ടപ്പെടുത്തി ഓരോരുത്തർക്കും അനുയോജ്യമായ വ്യായാമമുറകളും തോതും നിർണ്ണയിച്ചു നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ;

(ഡി) മുതിർന്നവർക്കുള്ള കായിക പരിശീലനത്തിനായി പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിലെ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി. സ്കൂളുകളിൽ 5-ാം ക്ലാസു മുതൽ 12-ാം ക്ലാസുവരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രകാരം 2008-09-ൽ 4315-ഉം 2009-10-ൽ 6110-ഉം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കായിക ക്ഷമതാ പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ എ.ബി.സി ഗ്രേഡ് ലഭിച്ചവർക്ക് ഏത് കായിക ഇനത്തിലാണോ അഭിരുചി ടി കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതാണ്. കായിക പരിശോധനയിൽ നിലവാരം പുലർത്താൻ കഴിയാത്തവരെ ഈ വർഷം ആരംഭിക്കുന്ന ആരോഗ്യ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സ് എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള ഫിസിക്കൽ ഫിറ്റ്നസ് മിഷൻ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് പഠിച്ച് നിർദ്ദേശം തയ്യാറാക്കുന്നതിന് ഒരു കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കുട്ടികളിലൂടെ മുതിർന്നവരിൽ ഈ സന്ദേശം എത്തിക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നടപടികൾ

23 (*233) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) തലശ്ശേരിയിൽ മ്യൂസിയവും സർക്കസ് അക്കാഡമിയും ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) അക്കാഡമിയിൽ ഇപ്പോൾ എത്ര പേർക്ക് പരിശീലനം നൽകുന്നു ;

(ഡി) അവശതയനുഭവിക്കുന്ന സർക്കസ് കലാകാരൻമാർക്കുവേണ്ടി ആവിഷ്കരിച്ച പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ ; എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly